**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **13-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം നൗഷാദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമവും മത്സരക്ഷമവുമാക്കി അവയെ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തന ഫലമായി വ്യവസായ വകുപ്പിന് കീഴിലുള്ള ഇരുപത്തിയഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിലുള്ളതും നഷ്ടത്തിലുള്ളതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണം, സ്വയം പര്യാപ്തമാക്കൽ എന്നീ ലക്ഷ്യത്തോടു കൂടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾകൊണ്ടു കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ അന്താരാഷ്ട്ര തല വിപണന സാധ്യതകൾ ഉള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളാണ് മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ ഓരോ പൊതുമേഖലാ സ്ഥാപനവും ആവിഷ്കരിച്ചിരിക്കുന്നത്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിൽ ആണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് [DPR] വിലയിരുത്തിയതിനു ശേഷം സർക്കാർ അംഗീകാരത്തോടെയായിരിക്കും സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും |

| | | | |
|---|---|---|---|
| | | | അല്ലാതെയും നടപ്പിലാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം (2022-23) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 262.01 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നു.<br><br>മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖല ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും ലക്ഷ്യമിടുന്നു.<br><br>മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പു വരുത്തുന്നതിനും വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി റിയാബിന്റെ നേതൃത്വത്തിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ കയർ കശുവണ്ടി മേഖലയിൽപെട്ട എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.<br><br>മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം (2021-22 വർഷത്തിൽ) കിൻഫ്ര ഉൾപ്പെടെ 24 സ്ഥാപങ്ങൾ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ (2022-23) ലാഭ നഷ്ട കണക്കുകൾ 2023 മാർച്ച് മാസം പൂർത്തിയായതിനു ശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ. |
| (ബി) | ഓരോ സ്ഥാപനത്തിനും അനുയോജ്യമായ മാസ്റ്റർ പ്ലാനിന്റെയടിസ്ഥാനത്തിൽ നഷ്ടത്തിൽ | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിലുള്ളതും നഷ്ടത്തിലുള്ളതുമായ എല്ലാ |

| | |
|---|---|
| പ്രവർത്തിക്കുന്നവയെ ലാഭത്തിലെത്തിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; | പൊതുമേഖലാ സ്ഥാപനങ്ങളേയും ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണം, സ്വയം പര്യാപ്തമാക്കൽ എന്നീ ലക്ഷ്യത്തോടു കൂടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾകൊണ്ടു കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ അന്താരാഷ്ട്ര തല വിപണന സാധ്യതകൾ ഉള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളാണ് മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ ഓരോ പൊതുമേഖലാ സ്ഥാപനവും ആവിഷ്കരിച്ചിരിക്കുന്നത്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിൽ ആണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് [DPR] വിലയിരുത്തിയതിനു ശേഷം സർക്കാർ അംഗീകാരത്തോടെയായിരിക്കും സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം (2022-23) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 262.01 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നു.<br><br>മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖല ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും ലക്ഷ്യമിടുന്നു.<br><br>മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ |

| | | | |
|---|---|---|---|
| | | | സഹായം ഉറപ്പ വരുത്തുന്നതിനും വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി റിയാബിന്റെ നേതൃത്വത്തിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ധരുടെ സേവനം വ്യവസായ കയർ കശുവണ്ടി മേഖലയിൽപെട്ട എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.<br><br>മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം (2021-22 വർഷത്തിൽ) കിൻഫ്ര ഉൾപ്പെടെ 24 സ്ഥാപങ്ങൾ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ (2022-23) ലാഭ നഷ്ട കണക്കുകൾ 2023 മാർച്ച് മാസം പൂർത്തിയായതിനു ശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ. |
| (സി) | സ്ഥാപനങ്ങളുടെ പ്രവർത്തനവും സാധ്യതയും കണക്കിലെടുത്ത് പ്രവർത്തനത്തിൽ സ്വയംഭരണാവകാശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (സി) | അന്താരാഷ്ട്ര തലത്തിൽ ശാസ്ത്ര സാങ്കേതിക വിദ്യകളിൽ വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളെ ഉൾക്കൊണ്ടു പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമതയോടു കൂടി മുന്നോട്ടു കൊണ്ടുപോകുന്നതിനായി മാനേജ്മെൻറ് തലത്തിൽ ഉത്തരവാദിത്വവും കർത്തവ്യ ബോധവും കടമ നിർവഹണവും ഉറപ്പുവരുത്തി കൂടുതൽ അധികാരങ്ങളും അവകാശങ്ങളും നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെഎസ്.ഐ.ഡി.സി ചെയർമാനുമായ ശ്രീ.പോൾ ആൻറണി ഐഎഎസ് ചെയർമാനായും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ |

| | | | |
|---|---|---|---|
| | | | കെ ഹരികുമാർ, ബി.പി.സി.എൽ കൊച്ചിൻ റിഫൈനറി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ പ്രസാദ് കെ പണിക്കർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട് സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന മികവും, നിലവിലുള്ള അവസ്ഥയും അവയുടെ ഭാവി വികസനത്തിനുള്ള സാധ്യതകളും മുൻനിർത്തി ഓരോ തലത്തിലും ഉത്തരവാദിത്വവും കർത്തവ്യ ബോധവും ഉറപ്പുവരുത്തികൊണ്ടും MOU സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾക്ക് സ്വയം ഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ കമ്മിറ്റി നൽകിയിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് വരുന്നു. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസം തോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇൻറർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം റിയാബ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖല സ്ഥാപനങ്ങൾ ഓരോ മാസത്തെയും അവരുടെ ഉൽപ്പാദന ശേഷിയും, വിനിയോഗവും വരവ് ചെലവ് കണക്കുകളും ലാഭനഷ്ട കണക്കുകളും സംബന്ധിച്ച വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ ലഭ്യമാക്കുകയും ഈ വിവരങ്ങൾ ആധാരമാക്കി കമ്പനികളുടെ ഓരോ മാസത്തെയും പ്രവർത്തന പുരോഗതിയുടെ അവലോകനം റിയാബ് തലത്തിലും സർക്കാർ തലത്തിലും നടത്തിവരുന്നുണ്ട്.<br><br>സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഇത് സംബന്ധിച്ച പുരോഗതി സർക്കാർ നിശ്ചിത ഇടവേളകളിൽ വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ കമ്പനികൾക്ക് യഥാസമയം നൽകിവരുകയും ചെയ്യുന്നുണ്ട്.<br><br>വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ ഡയറക്ടറേറ്റുകൾ, മറ്റ് വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം നിരീക്ഷിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു ഓൺലൈൻ വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ